മീഡിയാ സെന്റർ

ശബരിമല സന്നിധാനം

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

കേരള സർക്കാർ

18.01.2024

**മകരവിളക്ക് ഉത്സവം: ശബരിമല നട ജനുവരി 21ന് അടക്കും; ഭക്തർക്ക് പ്രവേശനം 20 വരെ മാത്രം**

മകരവിളക്ക് ഉത്സവത്തിനായി 2023 ഡിസംബർ 30ന് തുറന്ന ശബരിമല ശ്രീധർമ്മശാസ്താ ക്ഷേത്രം നടപൂജകൾ പൂർത്തിയാക്കി ജനുവരി 21ന് രാവിലെ ആറ് മണിക്ക് അടയ്ക്കും. ജനുവരി 20ന് രാത്രി 10 മണി വരെ മാത്രമേ ഭക്തർക്ക് അയ്യപ്പ ദർശനത്തിനുള്ള സൗകര്യം ഉണ്ടായിരിക്കൂ. 21ന് ഭക്തരെ ശബരിമലയിലേക്ക് പ്രവേശിപ്പിക്കില്ല. അതേസമയം, 19 രാവിലെ 9 വരെ മാത്രമേ നെയ്യഭിഷേകം ഉണ്ടായിരിക്കൂ. 19ന് രാത്രി അത്താഴപൂജയ്ക്ക് ശേഷം മാളികപ്പുറത്തെ മണിമണ്ഠപത്തിൽ നിന്ന് ശരംകുത്തിയിലേക്കുള്ള അയ്യപ്പന്റെ എഴുന്നള്ളത്ത് നടക്കും. 20ന് അത്താഴപൂജ കഴിഞ്ഞ് ഹരിവരാസനം പാടി നട അടച്ചാൽ ഉടൻ തന്നെ മാളികപ്പുറം ക്ഷേത്രത്തിൽ ഗുരുതി നടക്കും. 21ന് പുലർച്ചെ അഞ്ച് മണിക്കാണ് തിരുനട തുറക്കുക. 5.30ഓടെ തിരുവാഭരണം തിരിച്ചെഴുന്നള്ളിക്കും. ആറ് മണിക്ക് നട അടയ്ക്കുന്നതോടെ 2023-24 വർഷത്തെ മകരവിളക്ക് ഉത്സവത്തിന് പരിസമാപ്തിയാകും.

.............

**ശബരിമല ഇന്നത്തെ (19.01.2024)ചടങ്ങുകൾ**

പുലർച്ചെ 2.30 ന് പള്ളി ഉണർത്തൽ

3 മണിക്ക്.. തിരുനട തുറക്കൽ.. തുടർന്ന് നിർമ്മാല്യ ദർശനവും പതിവ് അഭിഷേകവും .....

3.30 ന് ...ഗണപതി ഹോമം

3.30 മുതൽ 7 മണി വരെയും 8 മണി മുതൽ 10 മണി വരെയും നെയ്യഭിഷേകം

7.30 ന് ഉഷപൂജ

11.30 ന് 25 കലശാഭിഷേകം തുടർന്ന് കളഭാഭിഷേകം

12 ന് ഉച്ചപൂജ

1 മണിക്ക് നട അടയ്ക്കും

...........

വൈകുന്നേരം 3 മണിക്ക് നട തുറക്കും

6.30 ന് ദീപാരാധന

9 ന് അത്താഴ പൂജ

ശേഷം മണിമണ്ഡപത്തിൽ നിന്ന് ശരം കുത്തിയിലേക്കുള്ള അയ്യപ്പ സ്വാമിയുടെ എഴുന്നെള്ളത്ത്

10.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 11 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

**ഭക്തിഗാനാർച്ചയിൽ ലയിച്ച് സന്നിധാനം**

സന്നിധാനം ശാസ്താ ഓഡിറ്റോറിയത്തെ അക്ഷരാർഥത്തിൽ ഭക്തിയിൽ ലയിപ്പിച്ച് തുംകൂർ വസന്തും സംഘവും അവതരിപ്പിച്ച ഭക്തിഗാനാർച്ചന. കർണാടകത്തിലെ തുംകൂർ ശ്രീരാമനഗർ ആസ്ഥാനമായുള്ള ശ്രീ നീലകണ്ഠേശ്വരം കലാമണ്ഡലി എന്ന ഭക്തിഗാന സംഘമാണ് പരിപാടി അവതരിപ്പിച്ചത്. 12 പേരടങ്ങുന്ന സംഘത്തിന് തുംകൂർ വസന്ത്, പ്രകാശ് എന്നിവരാണ് നേതൃത്വം നൽകുന്നത്. 35 വർഷമായി ദക്ഷിണേന്ത്യയിലെ വിവിധ ഇടങ്ങളിൽ പരിപാടി അവതരിപ്പിക്കുന്ന സംഘം ഇത് മൂന്നാം തവണയാണ് സന്നിധാനത്തെത്തുന്നത്.